സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 13-17

പാലൈ
PALAI பாலை
ISSN No: 3049-0316

# ആത്മപരതയുടെ ആഖ്യാനഭേദങ്ങൾ



**ഡോ. സിബി കുര്യൻ***

**സംഗ്രഹം**

വ്യക്തിയുടെ ആത്മനൊമ്പരങ്ങൾ ഹൃദയാവർജകമായ രീതിയിൽ അവതരിപ്പിക്കുന്ന കഥാകൃത്താണ് ടി. പത്മനാഭൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കഥകളിൽ ആത്മാഖ്യാനത്തിന്റെ ചാരുത നിറഞ്ഞുനിൽക്കുന്നു. സ്വാനുഭവപരിധിയിൽനിന്ന് കഥാവസ്തുക്കൾ കണ്ടെടുത്ത് ജീവിതാവിഷ്കാരം സാധിക്കുന്ന കഥാകൃത്ത് പലപ്പോഴും കഥാപാത്രങ്ങൾക്ക് പേരു നൽകി കാണുന്നില്ല. പകരം അയാൾ, ഞാൻ തുടങ്ങിയ സർവനാമങ്ങളിലൂടെയും വൃദ്ധൻ, അച്ഛൻ, കുട്ടി തുടങ്ങിയ സാമാന്യനാമങ്ങളിലൂടെയുമാണ് മിക്ക കഥകളിലും കഥാപാത്രങ്ങളെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ കഥാരചനയുടെ സമകാലികഘട്ടത്തിൽ ടി. പത്മനാഭൻതന്നെ അദ്ദേഹത്തിന്റെ കഥകളിൽ കഥാപാത്രമായി കടന്നുവരുന്നു. *മരയ* എന്ന കഥാസമാഹാരത്തിലെ ഒട്ടെല്ലാ കഥകളിലും നായകൻ കഥാകൃത്തുതന്നെയാണ്. കഥാകൃത്ത് കഥയിൽ അവതീർണനായ സാഹചര്യമെന്തെന്നും അത്തരത്തിലുള്ള ആഖ്യാനവൈവിധ്യം ആത്മപരത നിറഞ്ഞുനിൽക്കുന്ന കഥാഘടനയിൽ വരുത്തുന്ന വൈവിധ്യഭംഗികൾ എന്തെന്നുമുള്ള അന്വേഷണമാണ് ഈ പഠനം. *മരയ* എന്ന കഥാസമാഹാരത്തിലെ കഥകളെ അടിസ്ഥാനമാക്കിയാണ് പഠനം നടത്തിയിട്ടുള്ളത്.

**താക്കോൽ വാക്കുകൾ:** ചെറുകഥ, ആത്മകഥ, ആത്മപരത, ആഖ്യാനം, കഥാകൃത്ത്

ചെറുകഥയും ആത്മകഥയും സാഹിത്യത്തിലെ രണ്ട് വ്യത്യസ്തരൂപങ്ങളായിട്ടാണ് ഗണിക്കപ്പെടുന്നത്. എന്നാൽ രണ്ടും തമ്മിലുള്ള അതിർവരമ്പ് തീർത്തും നേർത്തതാണ്. രണ്ടിലും കഥയുണ്ട്, അവയിൽ കലർത്തുന്ന ഭാവനയുടെ വർണവൈവിധ്യങ്ങളാണ് അവയെ വേർതിരിക്കുന്നത്. സത്യത്തിന്റെ അംശം ഏറിയിരിക്കുന്ന ആത്മകഥയിൽ കല്പനയുടെ നിറം പിടിപ്പിക്കുന്നതോടെ അത് കഥയുടെ ഭാവലോകത്തേക്ക് പ്രവേശിക്കുന്നു. ഒരാൾ തന്റെ ജീവിതകഥ സത്യസന്ധമായി ആവിഷ്കരിക്കുന്നതാണ് ആത്മകഥ. ആത്മകഥയിൽ ഉത്തമപുരുഷനാണ് ആഖ്യാതാവ് എന്നതിനാൽ അവയിൽ ആത്മനിഷ്ഠത ഏറിയിരിക്കും. കാലഘട്ടത്തോടുള്ള വ്യക്തിയുടെ പ്രതികരണഭേദങ്ങളാണ് ആത്മകഥയെ ചേതോഹരമാക്കുന്നത്. ആധുനികകഥയെ സംബന്ധിച്ചും ഈ രണ്ടു ഘടകങ്ങൾ - ആത്മനിഷ്ഠതയും പ്രതികരണഭേദങ്ങളും ഏറെ പ്രസക്തമാണ്. ഇവയുടെ ഏറ്റക്കുറച്ചിലുകളാണ് കഥയെ ചേതോഹരമാക്കുന്നതെന്നതിനാൽ കഥകൾ, വിശേഷിച്ചും ആധുനികകഥകൾ ആത്മാഖ്യാനങ്ങളോട് ഏറെ ചേർന്നുനിൽക്കുന്നു.

---

* അസ്സോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ദേവമാതാ കോളേജ്, കുറവിലങ്ങാട്
Ph: 8547547810, Email: cibykv@gmail.com

വാല്യം 2 ലക്കം 1 സെപ്റ്റംബർ 2025 ISSN No: 3049-0316


മലയാളകഥയിൽ സംഭവിച്ച രൂപഭാവപരിണാമത്തെ പ്രതിനിധാനംചെയ്യുന്ന ആധുനികർ കഥയെ വെറും അനുഭവകഥനമായല്ല പരിഗണിച്ചത്, അവരുടെ അനുഭവങ്ങൾതന്നെ കഥയായി പരിണമിക്കുകയായിരുന്നു. തീക്ഷ്ണമായ അനുഭവങ്ങളെ കഥയായി പരിവർത്തിപ്പിച്ച കഥാകൃത്തുക്കൾ അതിനാവശ്യമായ ഭാഷയും ആഖ്യാനശൈലിയും സ്വീകരിച്ചു. ആദിമധ്യാന്തപ്പൊരുത്തമുള്ള കഥയോ, ക്രിമികമായ ക്രിയകളിലൂടെ രൂപപ്പെടുന്ന കഥാപാത്രങ്ങളോ പുതിയകഥകൾക്ക് ആവശ്യമില്ലെന്നുവന്നു. അനിശ്ചിതമായ മനോനിലകളെയും ചഞ്ചലിതമായ ഭാവങ്ങളെയും ഉച്ഛൃംഖലമായ വിചാരധാരകളെയും അനുഭവതീക്ഷ്ണതയോടെ ആവിഷ്കരിക്കാനാണ് ആധുനിക കഥാകൃത്തുക്കൾ ഉദ്യുക്തരായത്. അതോടെ കഥയുടെ ഭാഷ കാവ്യാത്മകമാകുകയും അവതരണം ആത്മാഖ്യാനത്തിന്റെ ചേതോഹാരിത കൈവരിക്കുകയുംചെയ്തു. കഥാകൃത്തുക്കൾ മാറിനിന്ന് കഥ പറയുന്ന രീതി അന്യമാകുകയും കഥാകൃത്തുക്കൾതന്നെ കഥയുടെ ഭാഗമാവുകയും ചെയ്തു. ഇതോടെ കഥാപാത്രങ്ങൾ പേരു നഷ്ടപ്പെട്ട് അവനും അവളുമായി കഥാഗാത്രത്തിൽ പ്രത്യക്ഷരായി. മലയാളകഥയിൽ സംഭവിച്ച ഈ ഭാവുകത്വപരിണാമത്തിന് നേതൃത്വം നൽകിയവരിൽ പ്രധാനിയായിരുന്നു ടി. പത്മനാഭൻ. ഉത്കണ്ഠകളും ആകുലതകളും നിറഞ്ഞ മനുഷ്യന്റെ ഹൃദയഭാവങ്ങളെ ആവിഷ്കരിക്കാൻ കഴിയുംവിധം ഭാഷയെയും ആഖ്യാനഘടനയെയും പരിവർത്തിപ്പിച്ച പത്മനാഭൻ നടപ്പിൽ വരുത്തിയ പുതുമകൾ മലയാളകഥയ്ക്ക് ഭാവഗീതത്തിന്റെ സാന്ദ്രത പകർന്നുനൽകി.

കഥാപാത്രത്തിന്റെ വ്യക്തിപരമായ അനുഭവങ്ങൾ, വികാരങ്ങൾ, വിശ്വാസങ്ങൾ, പക്ഷപാതങ്ങൾ എന്നിവയാൽ ആഖ്യാനം വർണ്ണാഭമാക്കുകയും സംഭവങ്ങളുടെ വസ്തുതാപരമായ വിവരണത്തിനു പകരം പരിമിതവും വ്യക്തിപരവുമായ വീക്ഷണം വായനക്കാരന് പകർന്നുനൽകുകയും ചെയ്യുകയാണ്. ടി. പത്മനാഭന്റെ രചനാരീതി. അനാഥമാകുന്ന സ്ത്രീത്വങ്ങളുടെ വിലാപങ്ങൾ, നിസ്സഹായ ബാല്യങ്ങളുടെ വിഹ്വലതകൾ, ആശയറ്റ യുവതയുടെ സ്വപ്നഭംഗങ്ങൾ, നിരാലംബമാകുന്ന വാർദ്ധക്യങ്ങളുടെ വേദനകൾ എന്നിങ്ങനെ സമൂഹത്തിന്റെ ഭിന്നതലങ്ങളിൽനിന്ന് കണ്ടെടുത്ത ജീവിതാനുഭവങ്ങളാണ് അദ്ദേഹം കഥയ്ക്ക് ഉപാദാനമാക്കിയത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കഥയിൽ നിരന്തരം പ്രത്യക്ഷപ്പെടുന്ന 'അയാൾ' കഥാകൃത്തിന്റെ ആത്മഭാവങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. വ്യക്തിയനുഭവങ്ങൾക്കും ആന്തരികചിന്തകൾക്കും ആത്മാവിഷ്കാരത്തിനും പ്രാധാന്യം നൽകാൻ ഏറ്റവും ഉചിതമായ കഥാപാത്രമെന്ന നിലയിലാവാം പ്രഥമപുരുഷ സർവ്വനാമങ്ങൾ കഥാഘടനയിൽ സന്നിഹിതമാകുന്നത്. *കാലഭൈരവൻ, ഉച്ചാടനം, ദേശ് - ഒരു ഹിന്ദുസ്ഥാനി രാഗം, സാക്ഷി, നളിനകാന്തി, പുഴകടന്ന് മരങ്ങളുടെ ഇടയിലേക്ക്, യാത്രയുടെ അവസാനം* ഇങ്ങനെ അനേകം കഥകളിൽ വക്താവ് അയാളാണ്. തന്റെ മനോനിലകൾ സ്വതമായി ആവിഷ്കരിക്കാനുള്ള ഉപാധിയെന്ന നിലയിൽ കഥാകൃത്ത് സ്വീകരിക്കുന്നതാവാം അയാളെന്ന സർവ്വനാമപദം. തന്റെ ആത്മത്തോട് ചേർന്നുനിൽക്കുന്ന കഥകൾ പറയുന്ന പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി പോലുള്ള കഥകളിൽ അയാൾക്കു പകരം ഞാൻ കഥാഘടനയിലേക്ക് കടന്നുവരുന്നത് കാണാം.

എഴുത്തിന്റെ സമകാലികഘട്ടത്തിൽ ടി. പത്മനാഭന്റെ കഥകളിൽ അയാൾക്കും തനിക്കും പകരം പത്മനാഭൻ തന്നെ കഥാപാത്രമായി പ്രത്യക്ഷപ്പെടുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ കഥാസമാഹാരമായ *മരയ*യിലെ എല്ലാ കഥകളിലും ടി. പത്മനാഭൻ തന്നെയാണ് മുഖ്യകഥാപാത്രം. കഥാകൃത്ത് മാത്രമല്ല അദ്ദേഹത്തിന്റെ സന്തതസഹചാരിയായ രാമചന്ദ്രനും കഥയിലേക്ക് കടന്നുവരുന്നു. എഴുത്തിന്റെ സമകാലികതയിൽ ടി. പത്മനാഭന്റെ കഥാലോകം ആത്മകഥയുടെ രൂപഘടനയോട് ഏറെ അടുക്കുന്നതുകാണാം. കഥയെന്നത് അദ്ദേഹത്തിന് സ്വന്തം ജീവിതത്തിൽനിന്ന് വേർപെട്ടുള്ള ഒന്നല്ല. സ്വാനുഭവത്തിൽ നിന്നൂറിക്കൂടിയ ജീവിതമാണ് അദ്ദേഹം കഥയുടെ വർണ്ണക്കൂട്ടിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നത്. കഥാരചനയുടെ ആദ്യഘട്ടത്തിൽ ദുഃഖത്തിന്റെയും സ്നേഹത്തിന്റെയും വേദനയുടെയും ആവരണമണിഞ്ഞ് പ്രത്യക്ഷപ്പെടുന്ന 'അയാളി'ലൂടെയാണ് കഥാകൃത്ത് തന്റെ മനോഗതങ്ങൾ വെളിപ്പെടുത്തുന്നത്. സർവ്വനാമങ്ങളിലും സാമാന്യനാമങ്ങളിലും മറഞ്ഞിരുന്ന കഥാകൃത്ത് സമീപകാലകഥകളിൽ മറനീക്കി പുറത്തുവരുന്നു. തന്റെ അനുഭവപരിധിയിലുള്ള ജീവിതങ്ങളെ ആവിഷ്കരിക്കേണ്ടിവരുമ്പോൾ കഥാകൃത്ത് പത്മനാഭനാഭനെന്ന സ്വന്തം അസ്തിത്വത്തിൽതന്നെ കഥയിൽ പ്രത്യക്ഷപ്പെടുന്നു. പത്മനാഭൻ എന്ന കഥാപാത്രം കഥയിൽ ഉൾച്ചേരുമ്പോഴും കഥ കഥയല്ലാതെ ആവുന്നില്ല. അത് വെറും അനുഭവവിവരണമായി മാറുന്നുമില്ല. അനുഭവതലവുമായി ഏറെ അടുപ്പം പുലർത്തുമ്പോഴും അവയിൽ കഥയുടെ കഥനതന്ത്രം നിഗൂഹനം ചെയ്യാൻ കഴിയുന്നിടത്താണ് കഥാകൃത്ത് വിജയിയാകുന്നത്. അതിനുള്ള കൈമിടുക്ക് ആവോളം കൈമുതലായുള്ള കഥാകാരനാണ് പത്മനാഭൻ.

മനുഷ്യജീവിതത്തിന്റെ വൈവിധ്യങ്ങളെ അടുത്തുനിന്ന് അറിയാനുള്ള വെമ്പലും ജീവിതപ്രശ്നങ്ങളിൽ പങ്കാളിയാകാനുള്ള മനുഷ്യസ്നേഹപരമായ ജന്മവാസനയുമാണ് തന്റെ കഥകളിൽ സ്വയം കഥാപാത്രമായി മാറാൻ പത്മനാഭനെ പ്രലോഭിപ്പിക്കുന്നത്. അപ്പോഴും തന്റെ ഹൃദയത്തിന്റെ കോണിൽ ഇടംപിടിച്ചിട്ടുള്ള സഹജീവിസ്നേഹംതന്നെയാണ് കഥയ്ക്ക് പ്രചോദനമായി ഭവിക്കുന്നത്. വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന കഥാകൃത്ത് താൻ ഇടപെടുന്ന ചില ജീവിതസന്ദർഭങ്ങളെ നിറഞ്ഞ സ്നേഹത്തോടെയും കാരുണ്യത്തോടെയും കഥാഗാത്രത്തിലേക്ക് പരിവർത്തിപ്പിക്കുകയാണ്. ഏതു വിഷയത്തെ അവതരിപ്പിക്കുമ്പോഴും ഉദാത്തവിശുദ്ധമായ സഹാനുഭൂതി പുലർത്താൻ കഴിയുന്നുവെന്നതാണ് അദ്ദേഹത്തിന്റെ കഥകളെ കാലാതിവർത്തിയാക്കുന്നത്. അതുകൊണ്ടുതന്നെയാവാം  സമീപകാലത്ത് എഴുതിയ കഥകളിൽ സഹാനുഭൂതി നിറഞ്ഞ മനസ്സോടെ ഭാവഹാവാദികളോടെ കഥാകൃത്തുതന്നെ കഥയിലേക്ക് കടന്നുവരുന്നത്. അപ്പോഴൊക്കെയും അദ്ദേഹത്തിന്റെ ഇഷ്ടവിഷയങ്ങളും കാവ്യാത്മകമായ ഭാഷാശൈലിയും കൂടുതൽ ശോഭയോടെ പ്രശോഭിക്കുന്നുവെന്നതും ശ്രദ്ധേയമാണ്.

'പുതുകാലസാഹിത്യത്തിൽ നിർമിതബുദ്ധികൊണ്ടുള്ള പ്രയോജനം' എന്ന വിഷയത്തെക്കുറിച്ചു നടക്കുന്ന സെമിനാർ ഉദ്ഘാടനം ചെയ്യാൻ എത്തുന്ന കഥാകൃത്തിനെ അവതരിപ്പിക്കുന്ന കഥയാണ് *ഗസ്സയിലെ കുട്ടികൾ*. ഉദ്ഘാടനത്തിനെത്തുന്ന കഥാകൃത്തിനോട് അദ്ദേഹത്തെ ക്ഷണിക്കാൻവേണ്ടി താൻ  അനുഭവിച്ച കഷ്ടപ്പാടുകളെക്കുറിച്ച് സർവകലാശാലയുടെ വൈസ് ചാൻസിലർ പറയുന്നുണ്ട്. പുതിയ എഴുത്തുകാരെക്കുറിച്ച് നിങ്ങൾക്കൊന്നും അറിയില്ല, കുമാരനാശാനിലും വള്ളത്തോളിലുംമാത്രം അഭിരമിച്ചു കഴിയുന്ന ആളാണ് നിങ്ങൾ, സ്ത്രീപക്ഷരചനകളെക്കുറിച്ച് നിങ്ങൾക്ക് പുച്ഛമാണ്, ലോകസാഹിത്യത്തിൽ അനുദിനം വന്നുകൊണ്ടിരിക്കുന്ന ചലനങ്ങളെക്കുറിച്ച് നിങ്ങൾ പൂർണമായും അജ്ഞനാണ് എന്നിങ്ങനെ നിരവധി ആക്ഷേപങ്ങൾ കഥാകൃത്തിനെപ്പറ്റി സിൻഡിക്കേറ്റ് അംഗങ്ങൾ ഉന്നയിച്ചിരുന്നു. ടി. പത്മനാഭൻ എന്ന കഥാകൃത്തിനെക്കുറിച്ച് ഇന്നു പലരും പറയുന്ന കാര്യങ്ങളെല്ലാം അദ്ദേഹം ബോധപൂർവ്വം കഥയിൽ ഉൾപ്പെടുത്തുകയാണ്. ഇങ്ങനെ കാലത്തിന് ഒട്ടും അനുരൂപനല്ലാത്ത വ്യക്തിയാണ് കഥാകൃത്തെന്ന് 'കാലോചിതമായ വിവരമുള്ളവർ' വ്യക്തമാക്കുന്നു. ക്ഷുഭിതനും ദുഃഖിതനുമായി കഥാകൃത്ത് സമ്മേളനവേദിയിൽ ഇരിക്കുന്നു. ഉദ്ഘാടനത്തിനായി ക്ഷണിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഇതു മാത്രമായിരുന്നു. "കുട്ടികൾ നിലവിളിക്കുകയാണ്. ഞാനത് കേൾക്കുന്നുണ്ട്. ശ്രദ്ധിച്ചാൽ നിങ്ങൾക്കും കേൾക്കാൻ കഴിയും. അവരെന്തെങ്കിലും കഴിച്ചിട്ട് ദിവസങ്ങളായി. അവരുടെ അച്ഛനമ്മമാർ മരിച്ചിരിക്കുന്നു. കൊന്നതാണ്." പുതുകാലസാഹിത്യത്തിൽ നിർമ്മിതബുദ്ധികൊണ്ടുള്ള പ്രയോജനത്തെക്കുറിച്ചല്ല കഥാകൃത്തിന് പറയാനുള്ളത്. ഗസ്സയിലെ കുട്ടികളെക്കുറിച്ചാണ്, ആകാശത്തിലേക്കുനോക്കി ഭക്ഷണത്തിനുവേണ്ടി കൈകൾ ഉയർത്തുന്നവർക്കു മുമ്പിലേക്ക് ബോംബ് വർഷിക്കുന്ന മനുഷ്യത്വരഹിതമായ പ്രവൃത്തിയെക്കുറിച്ചാണ് അദ്ദേഹത്തിന് പറയാനുള്ളത്. ഇതാണ് പത്മനാഭൻ കഥകളുടെ അന്തസ്സത്ത; മനുഷ്യകുലത്തോടുള്ള സഹാനുഭൂതി ഏറ്റവും തീഷ്ണമായി സംവേദനംചെയ്യാനാണ് കഥാകൃത്തുതന്നെ കഥാപാത്രമായി കഥയിൽ പ്രവേശിക്കുന്നത്.

ബാല്യത്തെ യാഥാർത്ഥ്യബോധത്തോടെയും വാത്സല്യഭാവത്തോടെയും അവതരിപ്പിച്ച കഥാകൃത്താണ് ടി. പത്മനാഭൻ. കുട്ടികളുടെ വികാരവിചാരങ്ങളെ ഗ്രഹിക്കാനും മനഃശാസ്ത്രപരമായി വിശകലനംചെയ്യാനുമുള്ള പാടവം കഥാകൃത്ത് നിരവധി കഥകളിൽ പ്രകടിപ്പിക്കുന്നുണ്ട്. *ഗോട്ടി, മഞ്ഞനിറമുള്ള റോസാപ്പൂവ്, ഇരുട്ട്, ഗുൽമുഹമ്മദ്, കുഞ്ഞുമനസ്സ്* എന്നിങ്ങനെ അനേകം കഥകളുണ്ട് ബാല്യജീവിതത്തെ ആവിഷ്കരിക്കുന്നതായി. വാർദ്ധക്യത്തിലേക്ക് എത്തിയതോടെ പത്മനാഭന്റെ കഥകളിൽ ബാല്യജീവിതം സവിശേഷമായ മാനം കൈവരിക്കുന്നു. മാറിനിന്ന് കുട്ടികളുടെ ജീവിതത്തെ നോക്കിക്കാണുകയല്ല, ആ ജീവിതത്തിലേക്ക് ഇഴുകിച്ചേരാൻ വെമ്പൽ കൊള്ളുകയാണ് എഴുത്തുകാരൻ. കൊച്ചചങ്ങാതി എന്ന കഥയിൽ ശാഠ്യംപിടിച്ച് കരയുന്ന കുട്ടിയുമായി താദാത്മ്യം പ്രാപിക്കുന്ന എഴുത്തുകാരനെ കാണാം. "ഇന്നലെയാണ് ഇത് സംഭവിച്ചത്. മുനീറിന്റെ വിശാലമായ ഗ്രീൻസ് ഷോപ്പിംഗ് മാളിന്റെ ഒന്നാം നിലയിലേക്ക് ഞാൻ പണിപ്പെട്ട് കയറുകയായിരുന്നു. സഹായിക്കാനായി രാമചന്ദ്രനും ഒപ്പമുണ്ടായിരുന്നു." *കൊച്ചുചങ്ങാതി* എന്ന കഥ തുടങ്ങുന്നത് ഇങ്ങനെയാണ്. പണിപ്പെട്ട് കയറുക, സഹായിയായി രാമചന്ദ്രൻ ഒപ്പമുണ്ടാവുക എന്നീ സൂചനകളിലൂടെ കഥാകൃത്ത് തന്നെയാണ് വക്താവെന്ന് വ്യക്തമാകുന്നു. മോട്ടോർസൈക്കിൾ വേണമെന്ന് വാശിപിടിച്ച് കരയുന്ന ആറ് വയസ്സുകാരനായ അൻവർ എന്ന കുട്ടിയുമായി ചങ്ങാത്തത്തിലാകുന്ന ടി. പത്മനാഭനെയാണ് കഥയിൽ കാണുന്നത്. ലോകത്തിലെ ഏറ്റവും വിലപിടിച്ച മോട്ടോർസൈക്കിളായ ഹാർലി ഡേവിഡ്സൻ വാങ്ങിത്തരാമെന്ന് അയാൾ കുട്ടിക്ക് വാഗ്ദാനം നൽകുന്നു. അതോടെ ആ കുട്ടി കഥാകൃത്തിന്റെ കൊച്ചുചങ്ങാതിയായി മാറുന്നു. അവൻ കരച്ചിൽ

 ISSN No: 3049-0316 

നിർത്തുന്നു. ചങ്ങാത്തത്തിന്റെ ബലത്തിൽ നല്ലതുപോലെ പഠിക്കണമെന്നും ഉമ്മയെ ജോലിയിൽ സഹായിക്കണമെന്നും അയാൾ കുട്ടിയെ ഉപദേശിക്കുന്നു. ഉമ്മയും ഉമ്മൂമ്മയും നോക്കിയിട്ടും നിയന്ത്രിക്കാൻ കഴിയാത്ത കുട്ടിയെ വരുതിയിലാക്കുന്ന കഥാകൃത്തിന്റെ മാന്ത്രികദണ്ഡ് അദ്ദേഹത്തിന്റെ സ്നേഹവാൽസല്യം തന്നെ. കഥ അവസാനിക്കുന്നത് ഇങ്ങനെയാണ്. "ഞാൻ സ്വപ്നം കാണുകയായിരുന്നു - സ്വപ്നത്തിൽ ജിദ്ദയിലെ ആളൊഴിഞ്ഞ ഒരു തെരുവ്. തെരുവിലൂടെ പറപ്പിച്ചുപോകുന്ന ഒരു ഹാർലി ഡേവിഡ്സൻ, ഓടിക്കുന്നത് കഴുത്തിൽ പച്ചസിൽക്കിന്റെ ഉറുമാൽ കെട്ടിയ എന്റെ അൻവർ - അൻവറിന്റെ പിറകിൽ ചിരിച്ചുകൊണ്ട് അവന്റെ ഉമ്മയും ബാപ്പയും..." യാദൃച്ഛികമായി കണ്ടുമുട്ടിയ കുട്ടിയുടെ ശോഭനമായ ഭാവിയെപ്പറ്റി സ്വപ്നം കാണാനുള്ള നന്മ, ആ കുട്ടിയെ എന്റെ അൻവർ എന്ന് ഹൃദയത്തോട് ചേർക്കാനുള്ള ആർജ്ജവത്വം. ഇതുതന്നെയാണ് ബാല്യജീവിതങ്ങളോടുള്ള ടി. പത്മനാഭന്റെ സമീപനം. അദ്ദേഹംതന്നെ കഥാപാത്രമായി വരുന്നതോടെ കുട്ടികളോടുള്ള തന്റെ മനോഭാവത്തെ തീക്ഷ്ണവും ചേതോഹരവുമായി ആവിഷ്കരിക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു.

വാർദ്ധക്യജീവിതത്തിന്റെ വേപഥുവും വേദനയും അവതരിപ്പിക്കുന്ന നിരവധി കഥകളുണ്ട് പത്മനാഭന്റെ കഥാലോകത്തിൽ. *അച്ഛൻ, അപ്രതീക്ഷിതം, ഇന്ത്യൻ ഘരാനയിൽ ഒരു കച്ചേരി, അമ്മ, ഉച്ചാടനം* എന്നിങ്ങനെയുള്ള കഥകളിൽ വാർദ്ധക്യവും അനുബന്ധപ്രശ്നങ്ങളും അവതരിപ്പിക്കപ്പെടുന്നുണ്ട്. ഈ കഥകളിൽ ഒന്നും പക്ഷേ, കഥാകൃത്ത് കഥാപാത്രമായി വരുന്നില്ല. എന്നാൽ വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന ടി. പത്മനാഭൻ രചിക്കുന്ന കഥകളിൽ വാർദ്ധക്യത്തിന്റെ നേരനുഭവം ആവിഷ്കരിക്കപ്പെടുന്നത് അദ്ദേഹത്തിന്റെതന്നെ ജീവിതാനുഭവങ്ങൾ എന്ന നിലയിലാണ്. ആശുപത്രിവാസം വാർദ്ധക്യത്തിന്റെ അനിവാര്യതയാണ്. *ശിഖ* എന്ന കഥയിൽ തന്റെ ആശുപത്രിവാസത്തെക്കുറിച്ചാണ് കഥാകൃത്ത് എഴുതുന്നത്. "ട്രോളി സമാന്തരമായി നിർത്തി അത്യന്തം വിശുദ്ധവും തീരെ ഭാരം കുറഞ്ഞതുമായ ഒരു ഉണക്ക മരത്തടിയെടുത്തുവയ്ക്കുന്നതുപോലെ എന്നെ കിടക്കയിൽ സ്ഥാപിക്കുകയും ചെയ്തു." എന്നിങ്ങനെ ഓപ്പറേഷനുശേഷമുള്ള തന്റെ അവസ്ഥയെ നിർമമമായും അല്പമൊരു ഹാസ്യത്തോടെയുമാണ് കഥാകൃത്ത് ചിത്രീകരിക്കുന്നത്. രോഗിയായ കഥാകൃത്തിനെ സന്ദർശിക്കാൻ വരുന്ന ആശുപത്രി ഉടമ ഭാസ്കരനും വൃദ്ധനാണ്. സൗജന്യനിരക്കിൽ നല്ല ചികിത്സ നൽകുന്ന ആശുപത്രി നടത്തിക്കൊണ്ടു പോകുന്ന ഭാസ്കരൻ സഹജീവിസ്നേഹവും കാരുണ്യവും പുലർത്തുന്ന കഥാപാത്രമാണ്. ജീവിതാനുഭവങ്ങൾ പകർന്നുനൽകുന്ന പാഠങ്ങളാണ് നിർമമതയായും ചെറുചിരിയായും സഹാനുഭൂതിയായും കാരുണ്യമായും വാർദ്ധക്യത്തിൽ പ്രകാശിതമാകുന്നത്. *ഒരു മധ്യവേനൽ സ്വപ്നം* എന്ന കഥ ആശുപത്രിവാസത്തിനുശേഷമുള്ള വീട്ടുവാസത്തിലെ ഏകാന്തതയും മടുപ്പുമാണ് അവതരിപ്പിക്കുന്നത്. "എന്റെ ഈ ചെറിയ കോൺക്രീറ്റ് കൂടിനുള്ളിൽ ഞാൻ അക്ഷരാർത്ഥത്തിൽ തപിച്ചുരുകുകയായിരുന്നു." ദുസ്സഹമായ ഉഷ്ണം മാത്രമായിരുന്നില്ല അതിനു കാരണം ഏകാന്തതയും കൂടിയായിരുന്നു. ആ ഏകാന്തതയുടെ ആധിക്യത്തിലാണ് കഥാകൃത്ത് പ്രിയ സുഹൃത്തായ വക്കീലിന്റെ സാന്നിധ്യം ഭാവനചെയ്യുന്നത്. തലശ്ശേരിക്കാരനായ വക്കീൽ രാവിലെ കണ്ണൂരിലെ തന്റെ വീട്ടിലെത്തി രോഗവിവരം അന്വേഷിക്കുന്നതായി കഥാകൃത്തിനുതോന്നുന്നു. "ഒരു ചെറിയ അറ്റാക്ക്. കുറച്ചുദിവസം ആശുപത്രിയിൽ കിടന്നു. ആരെയും അറിയിച്ചിരുന്നില്ല - അതുകൊണ്ടാണ് - ഇപ്പോൾ കുഴപ്പമൊന്നുമില്ല. എല്ലാം നോർമലാണ്." എന്ന് അദ്ദേഹം വക്കീലിന് മറുപടി നൽകുകയും ചെയ്യുന്നു. കഥാകൃത്തിന്റെ തനിച്ചുള്ള സംസാരംകേട്ട് എത്തുന്ന ഭാര്യയോട് രമേശൻ വക്കീൽ തന്നെ കാണാൻ വന്നതിനെക്കുറിച്ച് അയാൾ പറയുന്നു. എന്നാൽ മൊബൈൽ ഫോണെടുത്ത് കയ്യിൽ കൊടുത്ത് വക്കീലിനെ വിളിക്കാനാണ് ഭാര്യ അയാളോട് ആവശ്യപ്പെടുന്നത്. അയാൾ ഭയത്തോടെ മടിച്ചുമടിച്ചു വിളിച്ചു. അങ്ങേത്തലയ്ക്കൽ വക്കീലിന്റെ ചിരപരിചിതമായ ശബ്ദം. അയാൾ രാവിലെ മുതൽ വീട്ടിലുണ്ടായിരുന്നു. നല്ല തിരക്കുള്ള ദിവസമായതിനാൽ എവിടേക്കും പോകാൻകഴിഞ്ഞില്ലെന്നും അറിയിക്കുന്നു. ഭയം നിമിത്തം കഥാകൃത്ത് ഒന്നും പറയാതെ ഫോൺ വയ്ക്കുന്നിടത്ത് കഥ അവസാനിക്കുന്നു. പക്ഷേ, വാർദ്ധക്യത്തിന്റെ ഒറ്റപ്പെടൽ ജനിപ്പിക്കുന്ന മാനസികവിഭ്രാന്തിയും സഹജീവിസ്നേഹത്തിനായുള്ള ദാഹവും കഥാകൃത്തിൽനിന്ന് ഹൃദയത്തെ തൊട്ടുപൊള്ളിക്കുന്ന വേദനയായി വായനക്കാരിലേക്ക് പടരുന്നു.

നിരാലംബവും നിസ്സഹായവുമായ സ്ത്രീ ജീവിതാവിഷ്കാരങ്ങൾ പത്മനാഭന്റെ ഇഷ്ടവിഷയമാണ്. *കടൽ, ഗൗരി* തുടങ്ങിയ പ്രശസ്തമായ കഥകൾ യഥാർത്ഥസ്നേഹത്തിനുവേണ്ടിയുള്ള സ്ത്രീയുടെ കാത്തിരിപ്പിന്റെ നോവുകൾ കൂടിയാണ്. കുമാരനാശാന്റെ കവിതകളെ ഏറെ ഇഷ്ടപ്പെടുന്ന പത്മനാഭൻ, ആശാന്റെ സ്നേഹദർശനത്തോട് കഥകളിലൂടെ സമഭാവന പുലർത്തുന്നതുകാണാം. 'മാംസനിബദ്ധമല്ല രാഗം' എന്ന ദർശനത്തെ പേർത്തും പേർത്തും പ്രകീർത്തിക്കുന്ന കഥകളാണ് *കടൽ, ഗൗരി* തുടങ്ങിയവ. ഈ കഥകളിൽ അച്ഛനായും അയാളായും പ്രത്യക്ഷപ്പെടുന്ന നായകന് പേരില്ല. എന്നാൽ കഥാകൃത്തിന്റെ ഹൃദയൈക്യത്തിൽനിന്ന്

ഉറവെടുക്കുന്ന സ്നേഹസംഗീതമായ *മരയ* എന്ന കഥയിൽ പത്മനാഭൻതന്നെയാണ് കഥാനായകൻ. കന്യാസ്ത്രീകൾ നടത്തുന്ന ഒരു സ്വാശ്രയ സ്കൂളിന്റെ വാർഷികത്തിൽ പങ്കെടുക്കാൻ എത്തുന്ന കഥാകൃത്ത് യാദൃച്ഛികമായി സമാനഹൃദയയായ മരയ എന്ന സിസ്റ്ററിനെ കണ്ടുമുട്ടുന്നതാണ് കഥാസന്ദർഭം. *സൗണ്ട് ഓഫ് മ്യൂസിക്* എന്ന ഹോളിവുഡ് സിനിമയിലെ നായികയായ സിസ്റ്റർ മരയ നിങ്ങളെപ്പോലെ തന്നെയാണെന്ന് കഥാകൃത്ത് സ്കൂളിൽ കണ്ടുമുട്ടിയ സിസ്റ്റർ മരയയോടു പറയുന്നു. “അതേ ശബ്ദവും പ്രസരിപ്പും. പിന്നെ സൗന്ദര്യം എന്ന് ഞാൻ പറയാൻ പാടില്ലല്ലോ... അതുകൊണ്ട് ഭംഗിയും...” എന്നാണ് കഥാകൃത്തിന്റെ വാക്കുകൾ. “ഞാനും ആ സിനിമ കണ്ടിട്ടുണ്ട്” എന്ന് സിസ്റ്റർ പറയുന്നതോടെ ആ സമാനഹൃദയർ കൂടുതൽ അടുക്കുന്നു. പിന്നെ അവർ തമ്മിൽ സാഹിത്യചർച്ചയായി. കഥയും കവിതയും സംസാരവിഷയമാകുന്നു. നഷ്ടപ്രണയത്തിന്റെ കഥ പറയുന്ന *ഗൗരിയും കടലും* സംസാരത്തിൽ കടന്നുവരുന്നു. “എനിക്കിഷ്ടം കടലാണ്. ഒരിക്കലും കടൽ കാണാൻ കഴിയാത്ത സംഗീതത്തിനും സ്നേഹത്തിനും വേണ്ടി മാത്രം ജീവിച്ച, എല്ലാവരാലും തെറ്റിദ്ധരിക്കപ്പെട്ട പാവം അമ്മ...” എന്ന് കടലിലെ അമ്മയുടെ വിധിയെ പഴിക്കുന്ന സിസ്റ്റർ, പത്മനാഭന്റെ അനേകം സ്ത്രീ കഥാപാത്രങ്ങളുടെ ഓർമ്മയുണർത്തുന്നു. ആ കഥകളിലെല്ലാം സർവ്വനാമത്തിന്റെ സൗകര്യത്തിൽ മറഞ്ഞിരുന്ന നായകൻ കഥാകൃത്തിന്റെ രൂപത്തിൽ ഈ കഥയിൽ പ്രത്യക്ഷപ്പെടുന്നു. “സന്തതം മിഹിരനാത്മശോഭയും സ്വന്തമാം മധുകൊതിച്ച വണ്ടിനും” എന്നിങ്ങനെ ആശാന്റെ വരികൾ ഉദീരണം ചെയ്യുന്ന സിസ്റ്ററും “കോരകത്തിൽ മധുവെന്നപോലെയുൾത്താരിൽ നീ പ്രണയമാർന്നിരുന്നതും” എന്ന് പൂരിപ്പിക്കുന്ന കഥാകൃത്തും കഥയിലൂടെ പകർന്നുനൽകുന്ന ഭാവാന്തരീക്ഷം നളിനിദിവാകരന്മാരുടേതുതന്നെ. ടി. പത്മനാഭന്റെ കഥാലോകത്ത് നിറഞ്ഞുനിൽക്കുന്ന പവിത്രമായ സ്നേഹത്തിന്റെ നറുമണമാണ് ഈ കഥയിലെങ്ങും പ്രസരിക്കുന്നത്. ഇതിന്റെ ഉറവിടം കഥാകൃത്തിന്റെ ഹൃദയമല്ലാതെ മറ്റൊന്നുമല്ല. തന്റെ അന്തരാത്മാവിൽ നിറഞ്ഞുനിന്ന നിഷ്കല്മഷപ്രണയമാണ് അദ്ദേഹത്തിന്റെ കഥകളിലെന്നും നനുത്ത വേദനയായി അനുവാചകർ അറിയുന്നത്. അതിന്റെ പ്രത്യക്ഷീകരണമായി തീരുന്നുണ്ട് കഥാകൃത്തുതന്നെ കഥാപാത്രമാകുന്ന *മരയ* എന്ന കഥ.

വ്യക്തികളുടെ ആത്മനൊമ്പരങ്ങളുടെ ആവിഷ്കാരം ആധുനികകഥകളുടെ സവിശേഷതയാണ്. ക്രിയാവിചിത്രമായ ബാഹ്യലോകത്തേക്കാൾ ആന്തരികലോകത്തിന്റെ ഭാവചലനങ്ങൾക്കാണ് ആധുനിക കഥാകൃത്തുക്കൾ മുൻതൂക്കം നൽകിയത്. മലയാളകഥയിൽ സംഭവിച്ച ഈ ഭാവുകത്വപരിണാമത്തിന് നേതൃത്വം നൽകിയ കഥാകൃത്തായ ടി. പത്മനാഭൻ സ്വാനുഭവപരിസരത്തുനിന്ന് കണ്ടെടുത്ത ജീവിതഖണ്ഡങ്ങളെ അനുഭവരസികതയോടെ അവതരിപ്പിക്കുകയാണ് തന്റെ കഥകളിലൂടെ. ജീവിതത്തിലെ ദുഃഖസാന്ദ്രമായ അനുഭവങ്ങളാണ് ഏറെയും അദ്ദേഹത്തിന്റെ കണ്ണീലുടക്കിയതും ആത്മക്ഷാളനത്തിന് ഹേതുവായതും. അനാഥത്വത്തിന്റെ വേദനപേറുന്ന ബാല്യവും അവഗണനയുടെ വിരസതയിൽ വെന്തുനീറുന്ന വാർദ്ധക്യവും ലക്ഷ്യബോധമില്ലാതെ അലയുന്ന യുവതയും ഭഗ്നസ്വപ്നങ്ങളുടെ ഭാരംപേറുന്ന സ്ത്രീജീവിതങ്ങളും കുറച്ചൊന്നുമല്ല കഥാകാരനെ ആകുലപ്പെടുത്തിയിട്ടുള്ളത്. അവയൊക്കെത്തന്നെയാണ് മനോഹര കഥാശില്പങ്ങളായി രൂപപ്പെട്ടിട്ടുള്ളതും. ചിരപരിചിതമായ കഥാസന്ദർഭങ്ങളിൽനിന്ന് മറഞ്ഞുനിൽക്കാനുള്ള കഥാതന്ത്രമായിരുന്നിരിക്കാം പത്മനാഭന്റെ കഥകളിൽ നിരന്തരം ആവർത്തിക്കുന്ന സർവനാമങ്ങളും സാമാന്യനാമങ്ങളും. അവയിൽ ഏറെയും പുരുഷദ്യോതകമാണെന്നതും കൗതുകകരമാണ്. കഥാരചനയുടെ സമകാലികതയിൽ കഥാകൃത്ത് പരിചിത സന്ദർഭങ്ങളിൽ സ്വയം സന്നിഹിതനാകുകയാണ്. പ്രായം നൽകിയ പക്വതയും അവതരിപ്പിക്കുന്ന വിഷയത്തോടുള്ള ഹൃദയൈക്യവും അതിനോടുള്ള ആത്മാർത്ഥതയുമായിട്ടുവേണം പത്മാനാഭൻകഥകളിലേക്കുള്ള പത്മനാഭന്റെ പ്രവേശത്തെ വിലയിരുത്താൻ.

## സഹായകഗ്രന്ഥങ്ങൾ

1. അച്യുതൻ, എം., ചെറുകഥ ഇന്നലെ ഇന്ന്, ഡി സി ബുക്സ്, കോട്ടയം, 2011.
2. തോമസ് സ്കറിയ, എഡി., ഭാവം പത്മനാഭം കഥാപഠനങ്ങൾ, ടോൾ മൌണ്ട് പബ്ലിക്കേഷിങ്, കോട്ടയം, 2025.
3. പത്മനാഭൻ, ടി., പത്മനാഭന്റെ കഥകൾ സമ്പൂർണം, ഡി സി ബുക്സ്, കോട്ടയം, 2014.
4. -------, മരയ, ഡി സി ബുക്സ്, കോട്ടയം, 2019.